പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5372 — 26.03.2018-ൽ മറുപടിക്ക്

## മണൽ കടത്ത് തടയുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.അനിൽ അക്കര<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മണൽ കടത്ത് തടയുന്നതിൽ റവന്യൂ വകുപ്പ് നടത്തുന്ന ശ്രമങ്ങൾ ഫലവത്താകാത്തത് എന്തു കൊണ്ടാണ്; | (എ) അനധികൃത മണൽ കടത്ത് തടയുന്നതിനായി ജില്ലകളിൽ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ താലൂക്ക് തലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. എന്നാൽ റവന്യൂ ആഫീസുകളിലെ അധിക ജോലി ഭാരവും, ആവശ്യത്തിന് ഉദ്യോഗസ്ഥർ ഇല്ലാത്തത് മൂലവും ടി സ്ക്വാഡുകളുടെ പ്രവർത്തനം ജില്ലകളിൽ എല്ലാ സ്ഥലങ്ങളിലും എല്ലാ സമയത്തും ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. കൂടാതെ മണൽ കടത്തിൽ പിടിച്ചെടുക്കുന്ന വാഹനങ്ങളിലെ മണൽ സംബന്ധിച്ച തർക്കങ്ങളിൽ ശാസ്ത്രീയ പരിശോധനകൾക്ക് ആവശ്യമായ സംവിധാനങ്ങളുടെ അഭാവം, മണൽ കടത്ത് സംബന്ധിച്ച് വിവിധ കോടതികളിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളിൽ തീർപ്പുണ്ടാക്കാനുള്ള കാലതാമസം മുതലായവ മണൽ കടത്ത് തടയുന്നതിനുള്ള ശ്രമങ്ങൾ ഫലവത്താകാതിരിക്കുന്നതിനുള്ള കാരണങ്ങളാണ്. |
| (ബി) നദീതീര സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | (ബി) താലൂക്ക് തലത്തിൽ നദീ സംരക്ഷണത്തിന്റെ ഭാഗമായി അനധികൃത മണലെടുപ്പ് തടയുന്നതിന് റവന്യൂ വകുപ്പ് മുഖാന്തിരം സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും, നദീതീരം ഇടിയുന്ന ഭാഗത്ത് സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിച്ചു വരുന്നതും, നദീതീരങ്ങളിൽ അനധികൃതമായി കൈയ്യേറുന്നവരെ കണ്ടെത്തുന്ന മുറയ്ക്ക് ഒഴിപ്പിക്കുകയും കൂടാതെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്റ്റ് 2001, കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ 2002 എന്നിവ പ്രകാരവും, ജില്ലാ വിദഗ്ധ സമിതിയുടെ കാലാകാലങ്ങളിലുള്ള തീരുമാനങ്ങൾ പ്രകാരവും നദീതീര സംരക്ഷണ നിയമം കർശനമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | കർത്തവ്യനിർവ്വഹണത്തിന്റെ ഭാഗമായി അനധികൃത മണൽ കടത്തിനെതിരെ പ്രവർത്തിക്കുന്ന റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ മണൽ മാഫിയയുടെ ആക്രമണങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) | കോട്ടയം, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ ഇത്തരം പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ഡി) | ഇത്തരം കേസുകളിൽ ഉദ്യോഗസ്ഥർക്ക് സർക്കാർ അഭിഭാഷകന്റെ സേവനം ഉറപ്പ് വരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഇത്തരം കേസുകളിൽ ഉദ്യോഗസ്ഥർക്ക് സർക്കാർ അഭിഭാഷകന്റെ സേവനം ഉറപ്പ് വരുത്തിയിട്ടുണ്ട്. നിയമ (ഇൻസ്പെക്ഷൻ ബി) വകുപ്പിന്റെ 15.01.2013-ലെ നം.27611/ബി1/2012/ നിയമം സർക്കുലറിൽ അനധികൃത മണൽ കടത്തിനെതിരെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് അത്തരം കൃത്യ നിർവ്വഹണവുമായി ബന്ധപ്പെട്ട് നേരിടേണ്ടി വരുന്ന കേസുകളിൽ സർക്കാർ അഭിഭാഷകന്റെ സേവനം നൽകുന്നതിന് നിർദ്ദേശിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**